**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 ഫെബ്രുവരി 07, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

19 (*91) കേരളം ലോകത്ത് കണ്ടിരിക്കേണ്ട സ്ഥലങ്ങളുടെ പട്ടികയിൽ

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ന്യൂയോർക്ക് ടൈംസ് തയ്യാറാക്കിയ 2023-ൽ ലോകത്ത് കണ്ടിരിക്കേണ്ട 52 ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ കേരളം 13-ാം സ്ഥാനം നേടിയിട്ടുണ്ടെന്നും ഉത്സവങ്ങൾ, അനുഭവവേദ്യ ടൂറിസം, ഉത്തരവാദിത്ത ടൂറിസം എന്നിവ പ്രസ്തുത നേട്ടത്തിന് സഹായകമായെന്നും പ്രദേശവാസികളുടെ പങ്കാളിത്തത്തോടെ നടക്കുന്ന ടൂറിസം പ്രവർത്തനങ്ങളെയും ബീച്ചുകൾ, കായലുകൾ, രുചിഭേദം എന്നിവയെയും കേരള ടൂറിസത്തിന്റെ സവിശേഷതയായി ന്യൂയോർക്ക്

ടൈംസ് വിലയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ടൂറിസം രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ അവാർഡ് ലഭ്യമായതോടൊപ്പം ട്രാവൽ പ്ലസ് ലഷർ ഇന്ത്യ മാഗസിൻ മികച്ച വിവാഹ ഡെസ്റ്റിനേഷനായും കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. ലോക ടൂറിസം മേഖലയിലെ അടയാളപ്പെടുത്തൽ വിനോദസഞ്ചാര മേഖലയിലെ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കാനും വിദേശ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാനും സാധിക്കും. പൈതൃക വിനോദസഞ്ചാര പദ്ധതി വ്യാപിപ്പിക്കുമെന്നും സ്ത്രീസൗഹൃദ വിനോദസഞ്ചാരം പൂർണ്ണ അർത്ഥത്തിൽ പ്രായോഗികമാക്കുമെന്നും നൈറ്റ്ലൈഫ് പദ്ധതി ആവിഷ്കരിക്കുമെന്നും പുതിയ ടൂറിസം സാധ്യതകൾ അവലംബിക്കുമെന്നും ടൂറിസം ഇടനാഴി വികസനത്തിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും ഓട്ടോറിക്ഷകളെ ടൂറിസത്തിന്റെ പ്രചാരകരാക്കുമെന്നും വ്യക്തമാക്കി. ടൂറിസം കേന്ദ്രങ്ങൾ സുരക്ഷിതമാക്കുന്നതിന് 184 ടൂറിസം പോലീസുകാരെ എല്ലാ ജില്ലകളിലും വിന്യസിക്കുകയും കോവളം, വേളി, കനകക്കുന്ന് എന്നിവിടങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിന് 'ഗ്രീൻ കാർപെറ്റ്', 'ക്ലീൻ ഡെസ്റ്റിനേഷൻ', പ്ലാസ്റ്റിക് ഫ്രീ സോൺ

ഡിക്ലറേഷൻ ക്യാമ്പയിൻ എന്നീ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രാധാന്യം നൽകി ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ, ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെന്നും ടൂറിസം ക്ലബ് രൂപീകരിച്ച് ഡെസ്റ്റിനേഷനുകളുടെ പരിപാലനം ഉറപ്പാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ഓണം ഉൾപ്പെടെയുള്ള തനത് ആഘോഷങ്ങൾ പ്രചരിപ്പിച്ച് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതാണെന്നും കേരളത്തിന്റെ രുചി പെരുമയും പ്രാദേശിക രുചി വൈവിദ്ധ്യങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാൻ ഫുഡ് സ്ട്രീറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും 'എക്സ്പീരിയൻസ് എത്നിക് ക്യുസിൻ', 'ഫുഡ് ഓൺ വീൽസ്' തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുമെന്നും വ്യക്തമാക്കി. അന്തർദേശീയ-ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വെൽനെസ് ടൂറിസം ഉൾപ്പെടെയുള്ള മേഖലകളിൽ ഫലപ്രദമായ മാർക്കറ്റിംഗ് സ്ട്രാറ്റജി നടപ്പിലാക്കുന്നതിന് ശില്പശാല സംഘടിപ്പിക്കുന്നതാണെന്നും കെ.ടി.ഡി.സി. കാരവാൻ പാർക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കാരവാൻ ടൂറിസം ഗ്രാമാന്തരങ്ങളിലേയ്ക്കെത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും

കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും മറ്റ് ഒമ്പത് കടലോര ജില്ലകളിൽകൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും തിരുവിതാംകൂർ ഹെറിറ്റേജ് ടൂറിസം പദ്ധതി മറ്റ് നഗരങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുമെന്നും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20 (*92) <u>ഭൂപതിവ് ചട്ടങ്ങളുടെ ഭേദഗതി</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, കാർഷിക മേഖലയ്ക്കും പരിസ്ഥിതിക്കും ദോഷമുണ്ടാകാത്തവിധം സമൂഹത്തിലുണ്ടായിരിക്കുന്ന തൊഴിൽ വൈവിദ്ധ്യങ്ങളെ അംഗീകരിച്ച്, പതിച്ചുകൊടുത്ത ഭൂമി മറ്റ് ന്യായമായ ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കാൻ സാധിക്കുന്ന വിധത്തിലുള്ള ഭേദഗതി ഭൂപതിവ് നിയമത്തിലും ചട്ടത്തിലും വരുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും നടപ്പ് സമ്മേളനത്തിൽത്തന്നെ അവതരിപ്പിക്കുമെന്നും സഭയെ അറിയിച്ചു. ഭൂപതിവ് നിയമം നിലവിൽ വന്നശേഷം പതിച്ചുകൊടുത്ത ഭൂമി മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെട്ടിട്ടുള്ളത് ചട്ടലംഘനമാണെങ്കിലും

സാമൂഹ്യമാറ്റത്തിനനുസൃതമായാണ് അത്തരം പ്രതിഫലനമുണ്ടായിട്ടുള്ളത്. വനാതിർത്തി പ്രദേശങ്ങളിൽ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ലെന്നും പൂർത്തീകരിച്ച സ്ഥലങ്ങളിൽ കേന്ദ്രാനുമതി ലഭ്യമാകാനുണ്ടെന്നും അനുമതി ലഭിച്ച കേസുകളിൽ വ്യക്തിഗത സർവ്വേ പൂർത്തിയാക്കി പട്ടയം നൽകിവരികയാണെന്നും മലയോര മേഖലയിലെ പട്ടയ വിതരണം വേഗത്തിലാക്കാൻ റവന്യൂ വകുപ്പ് എസ്.ഒ.പി. (Standard Operating Procedure) തയ്യാറാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കി. വനഭൂമി കുടിയേറി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് മലയോര പട്ടയ മിഷൻ ആരംഭിച്ച് കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ പട്ടയവിതരണം പൂർത്തീകരിക്കുക, വനം വകുപ്പിന്റെ സഹകരണത്തോടെ സംയുക്തപരിശോധന പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കുക, പട്ടയ അപേക്ഷകൾ സമർപ്പിക്കാത്തവരിൽനിന്നും പുതിയ അപേക്ഷകൾ സ്വീകരിച്ച് പട്ടയ ഡാഷ് ബോർഡിലുൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പട്ടയ മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കൈവശമുള്ള ഉപയോഗശൂന്യമായ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് ഡിവെസ്റ്റ് ചെയ്ത് കൈവശക്കാർക്ക് വിതരണം ചെയ്യാൻ

കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്. മുപ്പത് വർഷത്തിലധികമായി ഭൂമി കൈവശം വച്ചുപോരുന്നവരെ 'ഒക്യുപൈഡ്' എന്ന വിഭാഗത്തിലുൾപ്പെടുത്തുമെന്നും ആദിവാസി മേഖലയിലുൾപ്പെടെയുള്ള സാധാരണക്കാർക്ക് ഭൂമി ലഭ്യമാക്കാൻ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ തയ്യാറാണെന്നും റാന്നി നിയോജകമണ്ഡലത്തിലെ പെരുമ്പെട്ടി വില്ലേജിലെ 518 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് വനം, വന്യജീവി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് മിനി സർവ്വേ ടീമിന്റെ സ്ഥല പരിശോധന അടിയന്തരമായി നടത്തുമെന്നും 15 ഏക്കർ എന്ന സീലിംഗിന്റെ പരിധിയിൽ കൈവശ ഭൂമിയുള്ളവർക്ക് ബി.ടി.ആർ.-ൽ 'തോട്ടം' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ക്രയവിക്രയത്തിനോ ഈടുവയ്ക്കുന്നതിനോ സാധിക്കുന്നില്ലെന്ന പരാതി പരിഹരിക്കുമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എൻ.ഒ.സി. വേണമെന്ന നിബന്ധനയിൽനിന്ന് ആനവിലാസം വില്ലേജിനെ ഒഴിവാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21 (*93) <u>വിനോദസഞ്ചാര മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ശബരിമല– എരുമേലി - പമ്പ–

സന്നിധാനം-സ്പിരിച്വൽ സർക്യൂട്ട്, മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം, ശ്രീപത്മനാഭ-ആറന്മുള-സ്പിരിച്വൽ സർക്യൂട്ട്, ഇക്കോ ടൂറിസം സർക്യൂട്ട് ഇൻ ഇടുക്കി & പത്തനംതിട്ട, ഡെവലപ്മെന്റ് ഓഫ് ഗുരുവായൂർ ടെമ്പിൾ, ഡെവലപ്മെന്റ് ഓഫ് സ്പിരിച്വൽ സർക്യൂട്ട്: ശിവഗിരി ശ്രീനാരായണഗുരു ആശ്രമം-അരുവിപ്പുറം-കുന്നുംപാറ ശ്രീസുബ്രഹ്മണ്യ-ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ഇൻ കേരള തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സെന്റ്. തോമസ് ഇന്റർനാഷണൽ ഷ്രൈൻ, മലയാറ്റൂർ, കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്, ഡെവലപ്മെന്റ് ഓഫ് റിലിജിയസ് സെന്റേഴ്സ്, പെരുമ്പാവൂർ തുടങ്ങിയ പദ്ധതികൾ 'പ്രസാദ്' പദ്ധതിയിൽ പരിഗണിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ടെന്നും ബേപ്പൂർ, കുമരകം, ബേക്കൽ, ഇടുക്കി ഡാം സറൗണ്ടിംഗ്സ്, മലങ്കര ഡാം സറൗണ്ടിംഗ്സ്, കാരാപ്പുഴ എന്നീ ഡെസ്റ്റിനേഷനുകളുടെ വികസനത്തിനുള്ള State Perspective Plan 'സ്വദേശ് ദർശൻ 2.0' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. കൂടുതൽ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കോവിഡാനന്തരം ആഭ്യന്തര ടൂറിസത്തിൽ സർവ്വകാല

റെക്കോർഡ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും വിവിധ വകുപ്പുകളുമായി ചേർന്ന് ക്രൂയിസ് ടൂറിസം പദ്ധതിയും പാലങ്ങളുടെ സൗന്ദര്യവൽക്കരണവും നടപ്പിലാക്കുന്നതുസംബന്ധിച്ച് ആലോചിക്കുന്നതാണെന്നും പാലാ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്നതിന് ശ്രമിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

22 (*94) ഐ.ടി.ഐ.-കളുടെ അടിസ്ഥാന സൗകര്യ വികസനം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, ഐ.ടി.ഐ.-കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാനദണ്ഡപ്രകാരം ഭൂമി ലഭ്യമാക്കാനും കിഫ്ബി ഫണ്ട് വിനിയോഗിച്ച് 10 ഐ.ടി.ഐ.-കളെയും സംസ്ഥാന ഫണ്ട് വിനിയോഗിച്ച് രണ്ട് ഐ.ടി.ഐ.-കളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനും നടപടികൾ സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. ഏകീകരിക്കപ്പെട്ടതും ഗുണമേന്മയുള്ളതുമായ പരിശീലന സംവിധാനം ഐ.ടി.ഐ.-കളിൽ നടപ്പിലാക്കിവരുന്നുണ്ട്. കാലാകാലങ്ങളിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പരിചയപ്പെടുത്തുന്ന കോഴ്സുകൾ പരമാവധി

സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതിനും റീവാമ്പിംഗിലൂടെ കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കി കാലോചിതമായ കോഴ്സുകൾ കൊണ്ടുവരുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ആഗോള തലത്തിൽ മാറി വരുന്ന തൊഴിൽ മേഖലയ്ക്കനുസൃതമായി കോഴ്സുകളുടെ സിലബസ് പരിഷ്കരിക്കുന്നുണ്ടെന്നും നിലവിൽ ന്യൂ ജനറേഷൻ കോഴ്സുകൾ ഉൾപ്പെടുത്തി സിലബസ് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടി സിലബസ് പ്രകാരമുള്ള പരിശീലനം നല്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നും വ്യക്തമാക്കി. തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഐ.ടി.ഐ.-കളിൽ നൈപുണ്യ വികസനത്തിനായി ഹ്രസ്വകാല കോഴ്സുകളും തുറമുഖ മേഖലയുമായി ബന്ധപ്പെട്ട ട്രേഡുകളും ആരംഭിക്കുമെന്നും ഐ.ടി.ഐ. ട്രെയിനികൾക്ക് വ്യവസായശാലകളിൽ പ്രതിവർഷം 150 മണിക്കൂർ പ്രായോഗിക പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പരിശീലന കാലയളവിൽ ട്രെയിനികൾക്ക് ലഭിക്കുന്ന വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പ്രൊഡക്ഷൻ സെന്ററുകൾ സജ്ജമാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. തെരഞ്ഞെടുത്ത സർക്കാർ ഐ.ടി.ഐ.-കളിലെ ട്രെയിനികളെ ക്രോഡീകരിച്ച് നൈപുണ്യ

കർമ്മസേന രൂപീകരിച്ച് അവരുടെ സേവനം സർക്കാർ സ്ഥാപനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും എല്ലാ വർഷവും ജോബ് ഫെയർ സംഘടിപ്പിക്കാറുണ്ടെന്നും 2023-ലെ ജോബ് ഫെയർ ജനുവരി 16 മുതൽ 23 വരെ സംഘടിപ്പിച്ചുവെന്നും പ്ലേസ്മെന്റ് നടപടികൾ നടന്നുവരികയാണെന്നും അഖിലേന്ത്യാ തലത്തിൽ കേരളത്തിൽ നിന്നുള്ള ട്രെയിനികൾ ഉന്നതവിജയം കരസ്ഥമാക്കിയെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

23 (*95) <u>വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാൻ നടപടി</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും രണ്ടാംഘട്ട ലഹരി വിരുദ്ധ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിദ്യാർത്ഥികളെ വലയിലാക്കുന്ന ലഹരി റാക്കറ്റുകളെ തകർക്കുന്നതിനായി പോലീസ്-എക്സൈസ്-പൊതുവിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കുന്നതോടൊപ്പം സ്കൂളുകളിൽ ജനജാഗ്രതാ

സമിതികളും രൂപീകരിച്ചിട്ടുണ്ട്. ലഹരി മാഫിയകളെക്കുറിച്ച് വിവരങ്ങൾ നൽകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ പുറത്തറിയാതിരിക്കാനാവശ്യമായ ശ്രദ്ധ നൽകുന്നതാണ്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ പോരാട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ലഹരിവിരുദ്ധ ക്യാമ്പയിനിംഗിന്റെ ഭാഗമായി രക്ഷകർത്താക്കൾക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടെന്നും പി.ടി.എ.-യുടെ നേതൃത്വത്തിൽ പദ്ധതികൾ നടപ്പിലാക്കിവരികയാണെന്നും ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പി.ടി.എ.-യുടെയും സമൂഹത്തിന്റെയും പിന്തുണ ആവശ്യമാണെന്നും കുട്ടികൾക്ക് ഒഴിവ് സമയം ക്രിയാത്മകമായി ചെലവഴിക്കാനുതകുന്ന വിധത്തിൽ സ്കൂൾ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ടെന്നും പാഠ്യപദ്ധതി പരിഷ്കരണവേളയിൽ ലഹരിക്കെതിരെയുള്ള പാഠഭാഗങ്ങൾകൂടി ഉൾപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.